**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2317** **03-03-2025 - ൽ മറുപടിയ്ക്ക്**

**ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സംബന്ധിച്ച വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജൈവ മാലിന്യ സംസ്കരണ ഉപാധികൾ സംബന്ധിച്ചുള്ള സമഗ്രമായ വിവരശേഖരണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | ഉണ്ട്.<br><br>വിവര ശേഖരണം നടത്തുന്നത് സംബന്ധിച്ച വിശദമായ നടപടി ക്രമങ്ങൾ സ.ഉ. (സാധാ)നം.2498/2024/LSGD തീയതി, 19.12.2024 പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ വീട്ടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജൈവ മാലിന്യ സംസ്കരണ ഉപാധികളെ സംബന്ധിച്ച്, ശുചിത്വ മിഷൻ വികസിപ്പിച്ചിട്ടുള്ള 'ഹരിതമിത്രം' ആപ്പ് ഉപയോഗിച്ചാണ് സർവ്വേ നടത്തുന്നത്. തദ്ദേശസ്ഥാപന തലത്തിൽ ഓരോ വാർഡിലും ഹരിതകർമ്മസേന അംഗം, കുടുംബശ്രീയുടെ വോളന്റിയർമാർ എന്നിവരടങ്ങുന്ന ടീമാണ് സർവ്വേ നടത്തുന്നത്. നിലവിൽ 97.38 ശതമാനം സർവ്വേ പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ